ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:29.09.2026

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ 17 ഇടത്ത് യു.ഡി.എഫിനും 15 ഇടത്ത് എൽ ഡി എഫിനും വിജയം.

2. ഇന്ത്യൻ നാവികസേന കമാൻഡർമാരുടെ സമ്മേളനത്തെ രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.

3. മനുഷ്യ - വന്യജീവി സംഘർഷം ഒഴിവാക്കാൻ വിവിധ വകുപ്പുകൾ സംയോജിച്ച് പ്രവർത്തിക്കുമെന്ന് വനംമന്ത്രി ഷിബു ബേബി ജോൺ.

4. രാജ്യത്തെ ദേശീയപാതാ ശൃംഖല, ഈ വർഷം മാർച്ചോടെ 61 ശതമാനം വളർച്ച കൈവരിച്ചതായി കേന്ദ്ര സർക്കാർ.

5. ആരോഗ്യകരമായ ജീവിതശൈലിയിലൂടെ ഹൃദയാരോഗ്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തിലൂന്നി ഇന്ന് ലോക ഹൃദയദിനം.

6. ഏഷ്യൻ ഗെയിംസ് ഷൂട്ടിംഗിൽ ഇന്ത്യക്ക് സുവർണ നേട്ടം. വനിതകളുടെ ട്രാപ്പ് വ്യക്തിഗത ഇനത്തിൽ സ്വർണ്ണ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ ഷൂട്ടറായി നീരു ധാണ്ഡ.

RJU TVPM

## തദ്ദേശ ഉപതെരഞ്ഞെടുപ്പ് (ഇൻട്രോ)

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് 17 ഇടത്തും എൽ ഡി എഫ് 15 ഇടത്തും വിജയിച്ചു. ജില്ലാപഞ്ചായത്ത് ഡിവിഷനുകളിൽ കോട്ടയം തൃക്കൊടിത്താനത്ത് എൽഡിഎഫ് സ്ഥാനാർഥി മഞ്ജു സുജിത് 2,140 വോട്ടിൻറെ ഭൂരിഭക്ഷത്തിൽ ജയിച്ചു, പാലക്കാട് പല്ലശ്ശനയിലും എൽഡിഎഫും, തിരുവനന്തപുരം കല്ലറയിൽ യുഡിഎഫും ലീഡ് ചെയ്യുകയാണ്.

***വിശദാംശങ്ങളിലേക്ക്......***

***(വോയിസ്)***

RNU TVPM

## തദ്ദേശ ഉപതെരഞ്ഞെടുപ്പ് (വോയിസ്)

ഉപതെരഞ്ഞെടുപ്പ് നടന്ന ഗ്രാമപഞ്ചായത്ത് വാർഡുകളിൽ 12 എണ്ണം യുഡിഎഫും ഏഴെണ്ണം എൽഡിഎഫും നേടി. മൂന്നിടത്ത് സ്വതന്ത്രസ്ഥാനാർത്ഥികളാണ് വിജയിച്ചത്.

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, അഞ്ചുതെങ്ങ് ഡിവിഷൻ യുഡിഎഫിൽ നിന്ന് എൽഡിഎഫ് പിടിച്ചെടുത്തു. സിപിഐഎമ്മിലെ എസ്. ബിജിമോൾ 359 വോട്ടിൻറെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. വർക്കല

ബ്ലോക്ക് പഞ്ചായത്തിലെ ഒറ്റൂർ ഡിവിഷനിൽ സിപിഐഎം സ്ഥാനാർത്ഥി പി.ബീന 925 വോട്ടിന് വിജയിച്ചു. പാലക്കാട് മലമ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ ഹേമാംബിക നഗർ ഡിവിഷനിൽ സിപിഐഎമ്മിലെ എം. തൗഷികയും, ആലത്തൂർ ബ്ലോക്കിലെ അത്തിപ്പൊറ്റ്യകയിൽ സിപിഐയിലെ രേഖാ സന്തോഷും തൃശൂർ വെള്ളാങ്ങല്ലൂർ ബ്ലോക്കിലെ എടത്തിരിഞ്ഞിയിൽ സിപിഐയിലെ വി.ആർ.രമേഷും തെരഞ്ഞെടുക്കപ്പെട്ടു. മാനന്തവാടി ബ്ലോക്കിലെ പള്ളിക്കൽ സീറ്റിൽ കോൺഗ്രസ്സിലെ ലീലാ ഗോവിന്ദനും, വടക്കാഞ്ചേരി തളി ഡിവിഷനിൽ യുഡിഎഫ് സ്വതന്ത്രൻ രവീന്ദ്രനും വിജയിച്ചു.

ഉപതെരഞ്ഞെടുപ്പ് നടന്ന മൂന്ന് മുനിസിപ്പാലിറ്റി വാർഡിൽ മട്ടന്നൂരും ചിറ്റൂർ-തത്തമംഗലത്തും എൽഡിഎഫും ചാലക്കുടിയിൽ യുഡിഎഫും വിജയിച്ചു.
കൊച്ചികോർപ്പറേഷനിലെ അയ്യപ്പൻകാവിലും കോഴിക്കോട് കോർപ്പറേഷനിലെ കുറ്റിച്ചിറയിലും യുഡിഎഫിനാണ് ജയം.

ന്യൂസ്ഡസ്ക് ആകാശവാണി....

## ഇന്ത്യൻ നാവികസേന

ഇന്ത്യൻ നാവികസേന കമാൻഡർമാരുടെ സമ്മേളനത്തിന്റെ രണ്ടാം പതിപ്പിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. ദേശീയ സമുദ്രനയ

RIJU TVPM

കാഴ്ചപ്പാടുകളെക്കുറിച്ച് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് സമ്മേളനത്തിൽ സംസാരിക്കും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ, പശ്ചിമേഷ്യയിലെ നിലവിലെ സംഘർഷങ്ങൾക്കിടയിലും ഇന്ത്യയുടെ സമുദ്രതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഇന്ത്യൻ നാവികസേന നൽകുന്ന സംഭാവനകൾ ചർച്ച ചെയ്യുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

## പിയൂഷ്ഗോയൽ

കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ അമേരിക്കൻ സന്ദർശനത്തിന് ഇന്ന് തുടക്കം. നാളെ ആരംഭിക്കുന്ന ജി-20 വ്യാവസായ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. അടുത്ത മാസം 5 വരെ നീളുന്ന സന്ദർശനത്തിൽ വിവിധ രാജ്യങ്ങളിലെ മന്ത്രിമാരുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും.

## കർഷക-കോൺക്ലേവ്

മനുഷ്യ - വന്യജീവി സംഘർഷം ഒഴിവാക്കാൻ വിവിധ വകുപ്പുകൾ സംയോജിച്ച് പ്രവർത്തിക്കുമെന്ന് വനംമന്ത്രി ഷിബു ബേബി ജോൺ. നിർമ്മിതബുദ്ധി ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള കൃത്യമായ

PNUTVPM

സമീപനത്തിലൂടെ കർഷകർക്ക് ആത്മവിശ്വാസം പകരാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. കർഷക സുരക്ഷ-വന്യജീവി സംഘർഷ ലഘൂകരണ സംസ്ഥാനതല കോൺക്ലേവ് 2026 ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കൃഷിമന്ത്രി ടി സിദ്ദിഖ് പരിപാടിയിൽ അധ്യക്ഷത വഹിച്ചു.

## സുപ്രീം കോടതി-സിബിഎസ്ഇ

ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള 'ത്രിഭാഷാ പദ്ധതി'യിലെ ഇളവ് നിലവിലെ ആറാം ക്ലാസ് വിദ്യാർത്ഥികൾക്കും നൽകുന്നത് പരിഗണിക്കാൻ കേന്ദ്ര സർക്കാരിനോടും CBSE യോടും നിർദ്ദേശിച്ച് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് സൂര്യ കാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വി. മോഹന എന്നിവരടങ്ങുന്ന ബെഞ്ചാണ് , ഇക്കാര്യം ആവശ്യപ്പെട്ടത്. ആറാം ക്ലാസ് വിദ്യാർത്ഥികൾക്ക് രണ്ട് ഇന്ത്യൻ ഭാഷകൾ ഉൾപ്പെടെ മൂന്ന് ഭാഷകൾ പഠിക്കുന്നത് നിർബന്ധമാക്കുന്ന നയം അടുത്ത അധ്യയന വർഷം മുതൽ നടപ്പിലാക്കാൻ സിബിഎസ്ഇയോട് സുപ്രീം കോടതി നേരത്തെ ആവശ്യപ്പെട്ടിരുന്നു.

## സേവാസങ്കല്പ്-മുദ്രയോജന

RNU TVPM

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുകയാണ്. രാജ്യത്തെ സംരംഭകത്വ മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സഹായിച്ച പ്രധാൻമന്ത്രി മുദ്ര യോജനയെക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. രാജ്യത്തെ ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്ക് ഈട് ഇല്ലാതെ വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2015 ഏപ്രിൽ 8-നാണ് പി എം മുദ്ര യോജനയ്ക്ക് തുടക്കമിട്ടത്. രാജ്യത്തെ യുവജനങ്ങളിൽ സ്വയം പര്യാപ്തതയും ധൈര്യവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിന് മുദ്ര യോജനയിലൂടെ സാധിച്ചു.

RNUTVPM

**പാലക്കാട് (ഇൻട്രോ)**

പാലക്കാട് ജില്ലയിലെ ഉയരുന്ന ചൂടിനെ പ്രതിരോധിക്കാൻ മരങ്ങൾ നടാനും പരിപാലനം ഉറപ്പാക്കാനും , നിരീക്ഷിക്കാനും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം.ഇതിനായി ആറ് അംഗ മോണിറ്ററിങ് കമ്മറ്റി രൂപീകരിക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.........***

***(വോയിസ്)***

**മഴ കേരളം**

സംസ്ഥാനത്ത് അടുത്ത മൂന്ന് ദിവസം വിവിധ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മറ്റന്നാൾ പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ല.

**ലോക ഹൃദയദിനം (ഇൻട്രോ)**

RNU TVPM

ഇന്ന് ലോക ഹൃദയദിനം. ഹൃദയാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഹൃദ്രോഗങ്ങൾ തടയേണ്ടതിനെക്കുറിച്ചും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ വേൾഡ് ഹാർട്ട് ഫെഡറേഷന്റെ നേതൃത്വത്തിലാണ് എല്ലാ വർഷവും സെപ്റ്റംബർ 29 ലോക ഹൃദയദിനമായി ആചരിക്കുന്നത്. ഒരു ഹൃദയത്തുടിപ്പും നഷ്ടപ്പെടുത്തരുത് എന്നതാണ് ഈ വർഷത്തെ ഹൃദയദിന പ്രമേയം. ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കാനും കൃത്യസമയത്ത് ചികിത്സ തേടാനും ഈ ദിനം ഓർമ്മിപ്പിക്കുന്നുവെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നഡ്ഡ സമൂഹ മാധ്യമത്തിൽ കുറിച്ചു. അപായ ഘടകങ്ങൾ

കൃത്യമായി തിരിച്ചറിഞ്ഞ് അവ ഒഴിവാക്കാനും നിയന്ത്രിക്കാനും തയ്യാറായാൽ ചെറുപ്പക്കാരിലുണ്ടാകുന്ന 75 ശതമാനം ഹൃദ്രോഗങ്ങളും തടയാനാകുമെന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗം മുൻ മേധാവി ഡോ ജോർജ്ജ് കോശി ആകാശവാണി വാർത്തകളോട് പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**ദേശീയപാത**

രാജ്യത്തെ ദേശീയപാതാ ശൃംഖല, ഈ വർഷം മാർച്ചോടെ 61 ശതമാനം വളർച്ച കൈവരിച്ച് 1,46,000 കിലോമീറ്ററിലധികമായതായി കേന്ദ്ര സർക്കാർ. 2014-ൽ ഇത് 91,000 കിലോമീറ്ററിലധികമായിരുന്നു . ദ്രുതഗതിയിലുള്ള ഈ വികസനം കണക്ടിവിറ്റി ശക്തിപ്പെടുത്തുകയും, വിപണികളിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും, വേഗത്തിലുള്ള ചരക്കു നീക്കത്തിന് സഹായിക്കുകയും ചെയ്യുതായി മന്ത്രാലയം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**ഏഷ്യൻ ഗെയിംസ്**

RHU TVPM

ഏഷ്യൻ ഗെയിംസ് ഷൂട്ടിംഗിൽ ഇന്ത്യക്ക് സുവർണ നേട്ടം. വനിതകളുടെ ട്രാപ്പ് വ്യക്തിഗത ഇനത്തിൽ സ്വർണ്ണ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ ഷൂട്ടറായി നീരു ധാണ്ഡ ചരിത്രം കുറിച്ചു. ഷൂട്ടിംഗ് വനിതകളുടെ ട്രാപ്പ് ടീം ഇനത്തിലും ഇന്ത്യൻ സംഘം വെള്ളി മെഡൽ നേടി. മനീഷ കീർ , നീരു, ആഷിമ അഹ്ലാവത് എന്നിരുടെ സംഘമാണ് മെഡൽ കരസ്ഥമാക്കിയത്. അഞ്ച് സ്വർണവും, 21 വെള്ളിയും, 21 വെങ്കലവും ഉൾപ്പെടെ 47 മെഡലുകളുമായി നിലവിൽ 11-ാം സ്ഥാനത്താണ് ഇന്ത്യ.

## ബിജെപി മീറ്റിംഗ്

ബിജെപി സംസ്ഥാന ചുമതലയുള്ള നേതാക്കളുടെയും സഹ-ചുമതലയുള്ള നേതാക്കളുടെയും യോഗം ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്തു പുരോഗമിക്കുന്നു . ദേശീയ അധ്യക്ഷൻ നിതിൻ നബീനാണ് യോഗത്തിൽ അധ്യക്ഷത വഹിക്കുന്നത്.

## വി വി രാജേഷ്

എസ് ഐ ആറുമായി ബന്ധപ്പെട്ട് കോൺഗ്രസ് നടത്തുന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ

RNU TVPM

ഉള്ള ശ്രമമെന്ന് തിരുവനന്തപുരം മേയർ വി.വി.രാജേഷ്. രാഷ്ട്രീയ പരാജയം മറയ്ക്കാൻ രാജ്യ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന കാര്യങ്ങൾ കോൺഗ്രസ്സ് ചെയ്യുന്നതായും അദ്ദേഹം ആരോപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**അമേരിക്ക-തീരുവ**

അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കായി ഇന്ത്യയിൽ നിന്നും മറ്റ് 19 രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പ്രത്യേക മരുന്നുകൾക്കും, അവയുടെ ഘടകങ്ങൾക്കും മേൽ തീരുവ ചുമത്തില്ലെന്ന് അമേരിക്ക . വന്ധ്യതാ ചികിത്സ, കോശ ചികിത്സ, ജീൻ ചികിത്സ, മൃഗങ്ങൾക്കുള്ള മരുന്നുകൾ എന്നിവ ഇതിലുൾപ്പെടുന്നു. പേറ്റന്റ് ഉള്ള ചില മരുന്നുകളുടെയും അവയുടെ ഘടകങ്ങളുടെയും ഇറക്കുമതിക്ക് ഇന്നു മുതൽ മുതൽ 100 ശതമാനം തീരുവ ചുമത്താനുള്ള നീക്കത്തിനിടെയാണ് നടപടി.

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി+സ്വർണ്ണം**

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടത്തിൽ വ്യാപാരം ആരംഭിച്ചു . സെൻസെക്സ് 120 പോയിൻറ് കുറഞ്ഞ് 72,652 ലും നിഫ്റ്റി 32 പോയിൻറ് താഴ്ന്ന് 22,749 ലും വ്യാപാരം തുടരുന്നു.

RNUTVPM

സ്വർണവില കുറഞ്ഞു . പവന് 200 രൂപ കുറഞ്ഞ് 1,09,120 രൂപയും ഗ്രാമിന് 13,640 രൂപയുമാണ് വില .

RNU TVPM